മലയാളപച്ച

2020 നവംബർ ലക്കം 4

ഗവേഷണകേന്ദ്രം ബുള്ളറ്റിൻ

"വ്യത്യാസങ്ങളെ മാനിക്കുക"

മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് സ്മാരക മലയാളഗവേഷണകേന്ദ്രം

കെ. കെ. ടി. എം. ഗവ. കോളേജ് കൊടുങ്ങല്ലൂർ

തയ്യപ്പറമ്പിൽ ഗോപലൻകുട്ടി മേനോൻ അനുസ്മരണം

ഡോക്ടറേറ്റ് തിളക്കത്തിൽ കെ. കെ. ടി. എം. ഗവ. കോളേജ്

അറിവന്വേഷണത്തിലെ വഴിമുടക്കികളും വഴിവിളക്കുകളും

ഡോ. മുഹമ്മദ് ബഷീർ കെ. കെ.

ശരീരം ശരീരത്തെ ഭക്ഷിക്കുമ്പോൾ

യാക്കോബ് തോമസ്

മലയാളപ്പച്ച

ഗവേഷണകേന്ദ്രം ബുള്ളറ്റിൻ

ഈ ലക്കത്തിൽ

3

ഡോക്ടറേറ്റ് തിളക്കത്തിൽ
കെ. കെ. ടി. എം. ഗവ. കോളേജ്

4

കവി തയ്യപ്പറമ്പിൽ ഗോപലൻകുട്ടി മേനോൻ അനുസ്മരണം

5

അറിവന്വേഷണത്തിലെ വഴിമുടക്കികളും വഴിവിളക്കുകളും

ഡോ. മുഹമ്മദ് ബഷീർ കെ. കെ.

7

കവിത - കണ്ണ്

അർച്ചിത് അമേയ

9

ശരീരം ശരീരത്തെ ഭക്ഷിക്കുമ്പോൾ

യാക്കോബ് തോമസ്

എഡിറ്റേഴ്സ്

അഞ്ജലി മോഹൻ എം. ആർ.
ഹീര ടി. എം.
ഷിബിൻ ബി.

ലേ ഔട്ട് & ഡിസൈനിംഗ്

ഫെൽബിൻ ആൻറണി

എഡിറ്റോറിയൽ ബോർഡ്

അംബിക കെ. കെ.
അർഷിത കെ. എ.
ലക്ഷ്മിപ്രിയ എം.ആർ.
ലിനി കെ. എൽ.
മഞ്ജു കെ. ആർ.
സിന്റോ കോങ്കോത്ത് എ.
ഷീന എസ്.
സൗമ്യ മോഹനൻ
വൈശാഖ് കെ.കെ.

ഉപദേശക സമിതി

ഡോ. ജി. ഉഷാകുമാരി
മലയാളവിഭാഗം മേധാവി
കെ. കെ. ടി. എം. ഗവ. കോളേജ് കൊടുങ്ങല്ലൂർ

ഡോ. ദീപ ബി. എസ്
അസിസ്റ്റന്റ് പ്രൊഫസർ
കെ. കെ. ടി. എം. ഗവ. കോളേജ് കൊടുങ്ങല്ലൂർ

ഡോ. ജെൻസി കെ. എ.
അസിസ്റ്റന്റ് പ്രൊഫസർ
സെന്റ്. ജോസഫ്സ് കോളേജ് ഇരിങ്ങാലക്കുട

ഡോ. മുഹമ്മദ് ബഷീർ കെ. കെ.
അസിസ്റ്റന്റ് പ്രൊഫസർ
കെ. കെ. ടി. എം. ഗവ. കോളേജ് കൊടുങ്ങല്ലൂർ

ഇത് ചരിത്രനേട്ടം

പുല്ലൂറ്റ് കഞ്ഞിക്കുട്ടൻ തമ്പുരാൻ ഗവ. കോളജിലെ മലയാളവിഭാഗത്തിന് ചരിത്ര നേട്ടം . ഇത്തവണ നടന്ന യുജിസി നെറ്റ് പരീക്ഷയിൽ 4 വിദ്യാർഥിക.ൾക്ക് നെറ്റ് ലഭിച്ചു. അഖിൽ സി. കെ., സ്വാലിഹ പി. എ., ആതിര വി. വി,അഷിത എന്നിവർക്കാണ് യു.ജി.സി. നടത്തുന്ന അധ്യാപകരാവാനുള്ള യോഗ്യതാ പരീക്ഷയിൽ വിജയം നേടാനായത് . വിജയികളെ പ്രിൻസിപ്പാളും അധ്യാപകരും ചേർന്ന് അനുമോദിച്ചു.മലയാളവിഭാഗത്തിൽ ആദ്യമായാണ് ഇത്രയും പേർക്ക് ഒന്നിച്ചു യു.ജി.സി. നെറ്റ് കിട്ടുന്നത്.

ആതിര വി. വി.

സ്വാലിഹ പി. എ.

അഷിത

അഖിൽ സി. കെ.

ഡോക്ടറേറ്റ് തിളക്കത്തിൽ കെ. കെ. ടി. എം. ഗവ. കോളേജ്

ഡോ. ഇ. എം. ഷാജി

ഡോ. രമണി കെ. കെ.

പുല്ലൂറ്റ് കെ. കെ. ടി. എം. ഗവ. കോളേജിലെ രണ്ട് അധ്യാപകർ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് കരസ്ഥമാക്കി. "Beyond the margins: A study on the emergence of the Pulayas in Central Kerala" എന്ന വിഷയത്തിൽ ചരിത്ര വിഭാഗം അധ്യാപിക ഡോ. രമണി കെ. കെ.യും,"Evaluation of anticarcinogenic and chemoprotective effect of Simarouba glauca DC"" എന്ന വിഷയത്തിൽ സുവോളജി വിഭാഗം മേധാവി ഡോ. ഇ. എം. ഷാജിയുമാണ് പി. എച്ച്. ഡി. നേടിയത്. ഒക്ടോബർ 27 ന് നടന്ന ഓപ്പൺ വൈവയിലാണ് ഇരുവർക്കും ഡോക്ടറേറ്റ് ലഭിച്ചത്.

കവി തയ്യപ്പറമ്പിൽ ഗോപലൻ കുട്ടി മേനോൻ അനുസ്മരണം

തയ്യപ്പറമ്പിൽ ഗോപാലൻകുട്ടി മേനോൻ

കെ. കെ. ടി. എം .ഗവ. കോളേജ് മലയാള വിഭാഗം തയ്യപ്പറമ്പിൽ ഗോപാലൻകുട്ടി മേനോൻ അനുസ്മരണം നടത്തി. 16.11.2020 തിങ്കളാഴ്ച 6.30 ന് ഗൂഗിൾ മീറ്റ് മാധ്യമം ഉപയോഗിച്ചാണ് പരിപാടി നടന്നത് മലയാള വിഭാഗം അധ്യാപകനായ ഡോ. കെ. കെ മുഹമ്മദ്ബഷീർ സ്വാഗതം ആശംസിച്ചു. മലയാള വിഭാഗം മേധാവി ഡോ. ജി. ഉഷാകുമാരി അധ്യക്ഷത വഹിച്ചു. അധ്യക്ഷ തയ്യപ്പറമ്പിൽഗോപാലൻകുട്ടി മേനോൻ അനുശോചന പ്രമേയം അവതരിപ്പിച്ചു. ശ്രീ ബക്കർ മേത്തല, സുബൈദ ടീച്ചർ, രാമൻ ബിനീഷ്, വൈദേഹി സുരേഷ്, അനുപമ പി.എസ്, കൃഷ്ണനുണ്ണി ജോജി തുടങ്ങിയവർ പങ്കെടുത്തു. കൊടുങ്ങല്ലൂരിന്റെ പ്രിയകവി ശ്രീ. ബക്കർ മേത്തല മുഖ്യ പ്രഭാഷണം നിർവഹിച്ചു. "കൊടുങ്ങല്ലൂർ കാവ്യപാരമ്പര്യത്തെ ഘട്ടവിഭജനം നടത്തുകയാണെങ്കിൽ ആദ്യ പാരമ്പര്യത്തിന്റെ ധാരകളിൽ ചേർന്നു നിന്നു കൊണ്ട് നല്ല രീതിയിൽ ധാരാളം കവിതകളെഴുതുകയും അതിന്റെ സദ്ഫലങ്ങൾ സമൂഹത്തിനു സംഭാവന നൽകുകയും ചെയ്ത കവിയാണ് തയ്യപ്പറമ്പിൽ ഗോപാലൻകുട്ടി മേനോൻ. അദ്ദേഹം താൻ ജീവിച്ച ചുറ്റുപാടുകളെ മുഴുവൻ കവിതയിലേക്ക് കൊണ്ടുവരാൻ ശ്രമിച്ചു. അതിന്റെ സാക്ഷ്യപത്രങ്ങളാണ് അദ്ദേഹത്തിന്റെ മുക്തകങ്ങൾ. കൊടുങ്ങല്ലൂർ ആൽത്തറയിലെ സൗഹൃദ സദസ്സിലിരുന്ന് കവിതകൾ എഴുതുയും ചൊല്ലുകയും ചൊല്ലിക്കുകയും ചെയ്യുന്ന തയ്യപ്പറമ്പിൽ ഗോപാലൻകുട്ടി മേനോൻ കൊടുങ്ങല്ലൂർ സാഹിത്യ സദസ്സുകളിലെ സജീവ സാന്നിധ്യമായിരുന്നു. കവിതയ്ക്കു വേണ്ടി സ്വയം സമർപ്പിക്കപ്പെട്ട അദ്ദേഹത്തിന്റെ ജീവിതം അടയാളപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന നിശ്ചയദാർഢ്യത്തിൽനിന്നാണ് കെ. കെ. ടി. എം. ഗവ. കോളേജുമായി യോജിച്ച് 'നാരായം കൊണ്ടെഴുതിയ കവിതകൾ' എന്ന ഡോക്യുമെന്ററി പൂർത്തിയാക്കാൻ സാധിച്ചത്. അദ്ദേഹത്തിന്റെ കവിതകളിൽ കൊടുങ്ങല്ലൂരിന്റെ ഭൂപടുണ്ട്, അവിടുത്തെ മനുഷ്യരുടെ ഛായാപടങ്ങളുണ്ട്, ആദരിക്കപ്പെടേണ്ടവരെ ആദരിച്ചെഴുതിയ ഒട്ടേറെ ശ്ലോകങ്ങളുണ്ട്. കൊടുങ്ങല്ലൂർ കാവ്യപാരമ്പര്യത്തിലെ അവസാന കണ്ണിയാണ് മുറിഞ്ഞത് എന്നത് സത്യമാകുമ്പോൾ തന്നെയും അതിന്റെ ഊർജ്ജ ധാരകൾ എല്ലാകാലവും നിലനിൽക്കും. പാരമ്പര്യ കവിതയുമായി ബന്ധമുള്ള വളരെ പരിമിതമായ ആളുകൾക്കിടയിൽ അദ്ദേഹം പ്രസക്തനാണെങ്കിലും കേരളമൊട്ടാകെ അദ്ദേഹത്തിന്റെ പ്രശസ്തിയും യശ്ശസ്സും വ്യാപിച്ചിട്ടില്ല. കേരളത്തിന്റെ മുഴുവൻ സാഹിത്യാന്തരീക്ഷത്തിലേക്കും തയ്യപ്പറമ്പിൽ ഗോപാലൻകുട്ടി മേനോന്റെ പ്രസക്തി എത്തിക്കാൻ കഴിയുംവിധം അദ്ദേഹത്തിന്റെ സമ്പൂർണ്ണ കവിതാ സമാഹാരവും പഠനവും പ്രസിദ്ധീകരിക്കപ്പെടേണ്ടതുണ്ട്" എന്ന് ബക്കർ മേത്തല ഓർമ്മിപ്പിച്ചു. സ്നേഹ വാത്സല്യങ്ങൾ നിറഞ്ഞ മഹത്തായ വ്യക്തിത്വത്തിനുടമകൂടിയായിരുന്നു തയ്യപ്പറമ്പിൽ എന്ന് സുബൈദ ടീച്ചർ പറഞ്ഞു. പുതുതലമുറ എഴുത്തിനോടുള്ള അദ്ദേഹത്തിന്റെ അഭിനിവേശവും സഹകരണ മനോഭാവവുമെല്ലാം സമകാല കവികളിൽ ശ്രദ്ധേയനായ രാമൻ ബിനീഷ് ഓർമ്മിച്ചു. തുടർന്ന് വൈദേഹി സുരേഷ് (ഒന്നാം വർഷ ബി.എ മലയാളം), അനുപമ . പി. എസ് (പൂർവ്വ വിദ്യാർത്ഥിനി), കൃഷ്ണനുണ്ണി ജോജി (പൂർവ്വ വിദ്യാർത്ഥി) എന്നിവർ കാവ്യാലാപനം നടത്തി. മലയാള വിഭാഗം അധ്യാപകനായ ശ്രീ. യാക്കോബ് തോമസ് നന്ദി അറിയിച്ചു. പരിപാടി 8 മണിക്ക് അവസാനിച്ചു.

എം.എ. വിദ്യാർത്ഥികൾ, ഗവേഷകർ, അധ്യാപകർ, മറ്റ്കാളേജുകളിലെ അധ്യാപക വിദ്യാർത്ഥികൾ, തുടങ്ങി എഴുപതോളം പേർ പങ്കെടുത്തു.

അറിവന്വേഷണത്തിലെ വഴിമുടക്കികളും വഴിവിളക്കുകളും

ഡോ. മുഹമ്മദ് ബഷീർ കെ. കെ.
അസിസ്റ്റന്റ് പ്രൊഫസർ
കെ. കെ. ടി. എം. ഗവ. കോളേജ് കൊടുങ്ങല്ലൂർ

ഗവേഷണത്തിന്റെ ദത്തശേഖരണത്തിന് ഫീൽഡിൽ ഇറങ്ങേണ്ടി വരുന്ന ഗവേഷകനെ കാത്തിരിക്കുന്നത് പലപ്പോഴും അത്ര എളുപ്പമോ രസകരമായ അയ അനുഭവങ്ങളായിരിക്കില്ല. വിവരങ്ങളുടെ ലഭ്യമാക്കൽ, തിരയൽ, തിരിച്ചറിയൽ, രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, പരിപാലനം, എന്നിവയിൽ നമ്മുടെ സമൂഹം പുലർത്തുന്ന നിസ്സംഗതയും നിരുത്തരവാദിത്തവും ഒരുഭാഗത്ത്; ഉള്ള വിവരങ്ങൾ അന്വേഷകന് ലഭ്യമാക്കേണ്ട ഉദ്യോഗസ്ഥവൃന്ദത്തിന്റെ മോശം മനോഭാവവും ഇടപെടലും പെരുമാറ്റവും മറുഭാഗത്ത്. ജ്ഞാനനിർമ്മിതിക്കായി ചുമതലപ്പെട്ട സർവ്വകലാശാലകളും ലൈബ്രറികളും പുരാരേഖാവകുപ്പുകളിലെപോലും ഉദ്യോഗസ്ഥരും ഇതിൽനിന്ന് വ്യത്യസ്തല്ലെന്നതാണ് ഖേദകരമായ വസ്തുത. എന്നാൽ ചില നിയമങ്ങൾ നമ്മൾ ഫലപ്രദമായി ഉപയോഗിച്ചാൽ വിവരങ്ങൾ തേടി നമ്മൾ വല്ലാതെയങ്ങ് അലയേണ്ടിവരില്ല. അപ്പോൾ വിവരങ്ങൾ നമ്മെ തേടിയെത്തും എന്നതിലും സംശയമില്ല. വിവരാകാശനിയമം അത്തരത്തിൽ ഗവേഷണവഴിയിലെ വഴിവിളക്കാണ്. പുരാരേഖകളുടെ പകർപ്പുകൾ പോലും അന്വേഷകർക്ക് ലഭ്യമാക്കിക്കൊടുക്കണമെന്ന, അടുത്തിടെ വന്ന നിയമഭേദഗതി ഏറെ സ്വാഗതാർഹമാണ്. മലയാളം എം .എ. സിലബസ്സിലൂന്നിയ എന്റെ ഗവേഷണാവശ്യാർത്ഥം കേരളത്തിലെ എം. എ. പഠനം നടക്കുന്ന എല്ലാ കോളേജുകളിൽനിന്നും സർവ്വകലാശാലകളിൽനിന്നും

വിവരാകാശനിയമം അത്തരത്തിൽ ഗവേഷണവഴിയിലെ വഴിവിളക്കാണ്. പുരാരേഖകളുടെ പകർപ്പുകൾ പോലും അന്വേഷകർക്ക് ലഭ്യമാക്കിക്കൊടുക്കണമെന്ന, അടുത്തിടെ വന്ന നിയമഭേദഗതി ഏറെ സ്വാഗതാർഹമാണ്.

അഞ്ചുവർഷത്തെ റിസൽട്ടും തൽസംബന്ധമായ വിവരങ്ങളും, അതുപോലെ കേരളത്തിലെ സർവ്വകലാശാലകൾ മലയാളത്തിൽ നാളിതുവരെ നടത്തിയ റിഫ്രഷർ കോഴ്സുകൾ സംബന്ധിച്ച വിവരവും വിവരാവകാശനിയമം വഴിയാണ് നിഷ്പ്രയാസം സമാഹരിച്ചത്.

നൂറിലധികം വർഷങ്ങളിലെ സിലബസുകൾ ഗവേഷണാവശ്യാർത്ഥം കണ്ടെടുക്കേണ്ടതുണ്ടായിരുന്നു. അതിനായി സർവ്വകലാശാലകൾ കയറിയിറങ്ങിയപ്പോഴാണ് നമ്മുടെ കലാലയങ്ങളും സർവ്വകലാശാലകളും സ്വന്തം ചരിത്രം രേഖപ്പെടുത്തി വെയ്ക്കുന്നതിൽ, രേഖകൾ സൂക്ഷിക്കുന്നതിൽ എത്ര കുറ്റകരമായ അനാസ്ഥയാണു പുലർത്തുന്നതെന്ന് തിരിച്ചറിയാനായത്. കാലിക്കറ്റ് സർവ്വകലാശാലയിൽനിന്ന് 20 വർഷം മുമ്പത്തെപോലും സിലബസോ മറ്റോ കണ്ടെത്താനാവില്ല. എം. ജി യിലും കണ്ണൂരിലും അവർ തുടങ്ങിയ കാലം മുതൽക്കുള്ളത് ഉണ്ട്. കേരളാ സർവ്വകലാശാലയിലെ ജനറൽ ആൻഡ് അക്കാദമി സെക്ഷനിലും 1970 മുതൽ ഉള്ള സിലബസ് ലഭ്യമാണ്. എം. ജി.

യുടെ വാതിലുകൾ വേഗം തുറന്നപ്പോൾ കണ്ണൂരിൽ വിവരാവകാശം ഉന്നയിച്ചപ്പോഴാണ് തുറന്നത്. കേരളയിൽ സെക്ഷൻ ക്ലർക്കും സെക്ഷനിലെ സൂപ്രണ്ടും അപേക്ഷ കൊടുത്ത് ഓർഡർ ആവാൻ കാത്തിരിക്കാനാണ് പറഞ്ഞത്. അന്നവിടെ മേലുദ്യോഗസ്ഥരെക്കൊണ്ട് വിളിപ്പിച്ചാണ് പഴയ സിലബസുകൾ എടുപ്പിച്ചത്.

നമുക്ക് ചരിത്രം തന്നത് ബ്രിട്ടീഷുകാരാണ്. ബ്രിട്ടീഷുകാരുടെ കാലം വരെ ഇന്ത്യയിൽ ഒരു പ്രാദേശികഭാഷയിലും ചരിത്രകൃതികൾ ഉണ്ടായിരുന്നില്ലെന്ന് റോമില ഥാപ്പർ സാക്ഷ്യപ്പെടുത്തുന്നു. ബ്രിട്ടീഷുകാർ അവരുടെ എല്ലാ കാര്യങ്ങളും കൃത്യമായി രേഖപ്പെടുത്തി അച്ചടിച്ച് സൂക്ഷിക്കാറുണ്ടായിരുന്നു. അവരിൽനിന്ന് പഠിക്കേണ്ട പല കാര്യങ്ങളും നമ്മൾ പഠിക്കാതെ പോയി. ചരിത്രം അക്കാദമികമായി പഠിക്കേണ്ട വിഷയമാണെന്ന ബോധം ഉണ്ടാകുന്നത് തന്നെ 1970ലാണെന്ന് (അന്നാണ് കേരളയിൽ ചരിത്ര ഡിപ്പാർട്ട്മെന്റ് വരുന്നത്) എം. ജി. എസ്. എഴുതിയിട്ടുണ്ട്. ബ്രിട്ടീഷ് കാലത്തെ മലയാളം സിലബസ് കണ്ടെടുക്കാൻ എഗ് മോറിലെ തമിഴ്നാട് ആർക്കൈവിൽ പോയപ്പോഴാണ് ബ്രിട്ടീഷുകാരുടെ ഡോക്യുമെന്റേഷൻ രീതിയുടെ ആഴവും പരപ്പും എന്നെ അത്ഭുതപ്പെടുത്തിയത്.

നമുക്ക് ചരിത്രം തന്നത് ബ്രിട്ടീഷുകാരാണ്. ബ്രിട്ടീഷുകാരുടെ കാലം വരെ ഇന്ത്യയിൽ ഒരു പ്രാദേശികഭാഷയിലും ചരിത്രകൃതികൾ ഉണ്ടായിരുന്നില്ലെന്ന് റോമില ഥാപ്പർ സാക്ഷ്യപ്പെടുത്തുന്നു.

കൊളോണിയൽ താൽപര്യങ്ങളോടെയാണെങ്കിലും അതിലെ കൃത്യതയും സൂക്ഷ്മതയും അമ്പരിപ്പിക്കുന്നതാണ്. കേരളത്തിലെ ഏതെങ്കിലും ഒരു ഓണംകേറാമൂലയിൽ പ്രാദേശികഭാഷയിൽ ഇറങ്ങിയ, അച്ചടിച്ച വിവരങ്ങൾ ഇംഗ്ലീഷിലേക്ക് മൊഴിമാറ്റി മറ്റ് അടിസ്ഥാന വിവരങ്ങളും സഹിതം അവർ സൂക്ഷിച്ചിരുന്നു. ഇന്ന് കേരളചരിത്രനിർമ്മിതിക്കു പോലും ആശ്രയിക്കാവുന്ന ഉപാദാന സാമഗ്രികളായി അവ മാറിയിരിക്കുന്നു. നിവർത്തിയ പത്രത്തിന്റെ വലിപ്പത്തിൽ വളരെ ചെറിയ അക്ഷരങ്ങളിൽ ബൈന്റു ചെയ്ത സൂക്ഷിച്ച ആ റിപ്പോർട്ടുകൾക്കിടയിൽ അന്നവിടെ ഒരാളെ കാണാനിടയായി. കുറേ നാൾ അവിടെ കയറിയിറങ്ങിയ എനിക്ക് അദ്ദേഹമാരാണെന്നറിയാനൊരു കൗതുകം. നിരവധി വർഷങ്ങളായി ചെന്നൈയിൽ താമസിച്ച് പഠിച്ചു കൊണ്ടിരിക്കുന്ന ചെറായി രാമദാസ് എന്ന വലിയ മനുഷ്യനായിരുന്നു അത്!. അക്കാദമിക ജ്ഞാനനിർമ്മിതികളുടെ പരിമിതികൾ ഇല്ലാതെ ജ്ഞാനാന്വേഷണത്തിനായി ജീവിതം സമർപ്പിച്ച വഴിവിളക്കുകളിൽ ഒരാൾ. പഠനത്തിനും ഗവേഷണാന്വേഷണങ്ങൾക്കും യാത്രാക്ലേശമോ ദൂരമോ പ്രായമോ ഫണ്ടുപരിമിതികളോ ഒന്നും ഒരു തടസ്സമേയല്ല എന്ന് പറയാതെ പറയുകയായിരുന്നു ആ സന്ദർഭം. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ അറിഞ്ഞതോടെ ആത്മസമർപ്പണത്തിനു മറ്റൊന്നും പകരം നില്ക്കില്ല എന്നു ഞാൻ സ്വയം മനസ്സിലാക്കുകയായിരുന്നു!!!.

കണ്ണ്



അർച്ചിത് അമേയ

മറഞ്ഞിരുന്നിട്ടും തുറിച്ചുനോട്ടങ്ങൾ
എനിക്കാണ് കൂടുതൽ,
കാലങ്ങൾക്കും
സ്ഥലങ്ങൾക്കും
മനുഷ്യനും
പുരുഷനും
ഞാനെന്നും ഒരു
വിസ്മയക്കാഴ്ച്ചയാണ്.

ചെല്ലുന്നിടത്തെല്ലാം
എന്നെ നോക്കാത്തവരായി
ആരുമില്ല,
ഒളിഞ്ഞും തെളിഞ്ഞും
ഉന്മാദത്തിലേക്കെന്നപോലെ
എന്നെ എത്തിനോക്കുന്നവർക്ക്
ഒരു വികാരമേയുള്ളു,
എങ്ങനെയെങ്കിലും ഒന്ന്
കാണണം,
പറ്റിയാൽ പിടിക്കണം,
അതിനപ്പുറം രുചിച്ചുനോക്കണം,
അതും തടഞ്ഞാൽ അറുത്തെടുക്കണം.

വലുപ്പമോ ചെറുപ്പമോ
എന്നൊന്നില്ല,
ഇടനെഞ്ചിൽ കണ്ണേറുകൊള്ളുമ്പോൾ
തുടുത്താൽമതി,
വിരൽവണ്ണം പോലുമില്ലാത്ത
പുരുഷഭാവം ചെറുതായൊന്ന്
ചിരിച്ചാൽ മതി.

ഞാൻ കാണാത്ത കാഴ്ച്ചകളില്ല,
കേൾക്കാത്ത തെറിവാക്കില്ല,
മറച്ചുവെച്ചാലും പുറത്തുചാടിയാലും
പഴികേൾക്കുന്ന മാറിന്റെ കണ്ണുകൾ
മുലകുടിക്കുന്ന എന്റെ കുഞ്ഞുങ്ങൾക്ക്
അന്നവും ആയുസ്സുമാണെന്ന്
അവസരവാദികളാരും ഓർക്കാറുമില്ല.

എനിക്ക് കറുത്ത നീളൻ
പീലികളോ മയിലാട്ടത്തിന്റെ
കൺപോളകളോ ഇല്ല,
എങ്കിലും എന്നെ തൊടാത്ത
കണ്ണുകളില്ല.

പ്രതിവാര സെമിനാർ 10/11/2020

കെ. കെ. ടി. എം. ഗവൺമെന്റ് കോളേജ് മലയാളവിഭാഗം ഗവേഷണകേന്ദ്രമായ മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് ഗവേഷണകേന്ദ്രത്തിന്റേയും മലയാള വിഭാഗത്തിന്റേയും നേതൃത്വത്തിൽ ഗവേഷകർക്ക് വേണ്ടി നടത്തുന്ന പ്രതിവാര സെമിനാറിലെ മൂന്നാമത്തെ അവതരണം വകുപ്പദ്ധ്യക്ഷ ഡോ.ജി ഉഷാകുമാരിയുടെ ആഭിമുഖ്യത്തിൽ 10/11/2020 ചൊവ്വാഴ്ച 7.30 ന് നടന്നു.ഗവേഷകയായ ഹീര ടി. എം. വെബിനാറിലേയ്ക്ക് ഏവരേയും സ്വാഗതം ചെയ്തു. അഞ്ജലി മോഹൻ ആയിരുന്നു പ്രബന്ധാവതാരക. ഒപ്പന: കല, സംസ്കാരം, രാഷ്ട്രീയം എന്ന വിഷയത്തെ മുൻനിർത്തിയാണ് അഞ്ജലി പ്രബന്ധം അവതരിപ്പിച്ചത്.

ഒപ്പന എന്ന ദൃശ്യകലയുടെ ചരിത്രവഴികളും അത് കേരളീയസാംസ്കാരിക മണ്ഡലത്തിൽ ചെലുത്തിയ സ്വാധീനവും ഒപ്പനയുടെ ജനകീയതലവും ഒതുക്കപ്പെടലുകളും സ്ത്രീ പ്രാതിനിധ്യവും സ്ത്രീവിരുദ്ധതയും എല്ലാം പ്രബന്ധം ചർച്ച ചെയ്തു. തുടർന്ന് പ്രബന്ധാവതരണത്തെകുറിച്ച് നടന്ന ചർച്ചയിൽ മോഡറേറ്ററായി ഗവേഷകയായ സിന്റോ കോങ്കോത്തും ഡിസ്കന്റായി ഗവേഷകനായ ഫെൽബിനും പങ്കെടുത്തു. അദ്ധ്യാപകരായ ഡോ.ജി. ഉഷാകുമാരി,ഡോ .മുഹമ്മദ് ബഷീർ എന്നിവർ ചർച്ചയിൽ പങ്കെടുക്കുകയും ഒരു വിഷയത്തെ പ്രശ്നവൽക്കരിച്ചു കൊണ്ട് രീതിശാസ്ത്രത്തിന്റെ പിൻബലത്തോടെ പ്രബന്ധം അവതരിപ്പിക്കേണ്ടതിന്റെ ആവശ്യകത ഓർമ്മപ്പെടുത്തുകയും ചെയ്തു. ഗവേഷകരായ, സൗമ്യ, വൈശാഖ് തുടങ്ങിയവരും സംവാദത്തിൽ സജീവമായി പങ്കെടുത്തു. ഗവേഷകയായ സിന്റോ കോങ്കോത്ത് വെബിനാറിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിച്ചു. 8.30 ഓടെ വെബിനാർ അവസാനിച്ചു.



അഞ്ജലി മോഹൻ

പ്രതിവാര സെമിനാർ 17/11/2020

മലയാള വിഭാഗം വകുപ്പു മേധാവിയായ ഡോ. ജി. ഉഷാകുമാരിയുടെ അധ്യക്ഷതയിൽ വെബിനാർ ആരംഭിച്ചു. ഗവേഷകയായ അംബിക കെ. കെ സ്വാഗതം അർപ്പിച്ചു. ഗവേഷക അർഷിത കെ.എ മോഡറേറ്ററുടെ ആമുഖത്തിനു ശേഷം ' കുടിയേറ്റത്തിന്റെ ആഖ്യാന സവിശേഷതകൾ 'സുഡാനി ഫ്രം നൈജീരിയ'യിൽ ഒരു പ്രാഥമിക അന്വേഷണം ' എന്ന വിഷയത്തിൽ ഫെൽബിൻ ആൻറണി പ്രബന്ധം അവതരിപ്പിച്ചു.

2018ൽ മൊഹ്സിൻ പെരാരി എഴുതി സംവിധാനം ചെയ്ത സിനിമയാണ് സുഡാനി ഫ്രം നൈജീരിയ. കുടിയേറ്റം എന്ന പ്രതിഭാസം ഈ സിനിമയയിൽ എങ്ങനെയാണ് പ്രതിഫലിക്കുന്നത് എന്നന്വേഷണമാണ് പ്രബന്ധത്തിൽ ഉള്ളടങ്ങിയിരിക്കുന്നത്.

കുടിയേറ്റം എന്ന വ്യവഹാരം ആഖ്യാനത്തിന്റെ ഭാഗമാകുമ്പോൾ ഭാഷ, പരിസ്ഥിതി, മതം, ഭക്ഷണം, വസ്ത്രം, കച്ചവടം, അധികാരം തുടങ്ങിയ സാമൂഹിക സാംസ്കാരിക നിർമ്മിതികൾ സുഡാനി ഫ്രം നൈജീരിയ എന്ന സിനിമയിൽ എങ്ങനെയാണ് പ്രതിഫലിക്കുന്നത് എന്ന് ഗവേഷകൻ ചിത്രീകരിക്കുന്നു.

ഗവേഷക ഹീര ടി. എം ചർച്ചകൾക്കു തുടക്കം കുറിച്ചു. ഈ സിനിമയിൽ കുടിയേറ്റം അല്ല പകരം പ്രവാസജീവിതമാണ് ചിത്രീകരിക്കപ്പെടുന്നതെന്ന് ഹീര അഭിപ്രായപ്പെട്ടു. കൂടാതെ മലബാറിന്റ ദേശചരിത്രം കൂടി പരാമർശിക്കാമായിരുന്നുമെന്ന് സൂചിപ്പിച്ചതിനോടൊപ്പം ചില സഹായക ഗ്രന്ഥങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. പ്രവാസത്തെക്കുറിച്ചുള്ള ചില സഹായക ഗ്രന്ഥങ്ങൾ പ്രെഫ. യാക്കോബ് തോമസ് നിർദ്ദേശിച്ചു. ഡോ. ജി. ഉഷാകുമാരി, ഡോ. ദീപ ബി. എസ്., ഡോ. ജെൻസി കെ. എ, ഡോ. മുഹമ്മദ് ബഷീർ എന്നിവർ ചർച്ചയിൽ സജീവമായി പങ്കെടുത്തു. ഗവേഷക അംബിക കെ. കെ. നന്ദി ആശംസിച്ചു. വെബിനാർ കൃത്യം 8.30 ന് അവസാനിച്ചു.

ഫെൽബിൻ ആൻറണി

ശരീരം ശരീരത്തെ ഭക്ഷിക്കുമ്പോൾ

യാക്കോബ് തോമസ്
അസിസ്റ്റന്റ് പ്രൊഫസർ
കെ. കെ. ടി. എം. ഗവ. കോളേജ് കൊടുങ്ങല്ലൂർ

'മാംസനിബദ്ധമല്ല രാഗം' എന്ന ആശാന്റെ സങ്കല്പമാണ് കേരളീയആധുനികതയിലെ പ്രണയസങ്കല്പമായി വികസിച്ചത്. ശരീരമെന്നത് പാപമാണെന്നും അത് ഒളിപ്പിച്ചുവച്ച് മനസ്സ് എന്ന ഘടകത്തെ മുന്നോട്ടുവച്ചുകൊണ്ടുവേണം വ്യക്തികൾ വൈകാരികബന്ധങ്ങളെ സാധ്യമാക്കാനെന്നായിരുന്നു ആധുനികത പൊതുവിലിന്ത്യക്കാരോട് പറഞ്ഞത്. അങ്ങനെയാണ് ഫ്യൂഡലിസത്തിൽനിന്ന് കൊളോണിയിലസം വഴി നവോത്ഥാനത്തിലേക്കു നാം പ്രവേശിച്ചത്. ശരീരത്തെ രണ്ടാംകിടയായി മാറ്റി മനസ്സിനെ മുന്നോട്ടുവച്ചപ്പോൾ ലൈംഗികത പോലുള്ളവ വിലക്കപ്പെട്ടതാവുകയും അത്തരം താത്പര്യങ്ങൾ അരുതായ്മയായി നിർവചിക്കപ്പെടുകയും ചെയ്തു. അതിലൂടെ സംഭവിച്ചത് ലൈംഗികതയെ ഒളിപ്പിക്കുന്ന സ്ത്രീ പുരുഷന്മാരെ ആദർശവല്തകരിക്കുകയെന്നതായിരുന്നു. അങ്ങനെ കാമമില്ലാത്ത 'കുലസ്ത്രീ'കളും പുരുഷന്മാരും 'നല്ലവരായ' കുടുംബസ്ഥരായി മാറി. ശരീരത്തെ ഒഴിവാക്കിയ മാനസികപ്രണയത്തിന്റെ ചരിത്രത്തെ പുതിയകാലം ശരീരംകൊണ്ട് ചോദ്യംചെയ്യുന്ന കാഴ്ചകളിലൊന്നാണ് ആസാമീസ് സംവിധായകനായ ഭാസ്കർ ഹസാരികയുടെ ആമിസ് (2019) എന്ന സിനിമ.



ഇന്ത്യയിലെ വടക്കുകിഴക്കേ ജനങ്ങളുടെ ഭക്ഷണശീലത്തെക്കുറിച്ച് ഗവേഷണം ചെയ്യുന്ന സുമോൻ എന്ന ചെറുപ്പക്കാരൻ യാദൃച്ഛികമായി നിർമാലിയെന്ന ഡോക്ടറുമായി ബന്ധത്തിലാകുന്നു. സുമോന്റെ ഇറച്ചി ഭക്ഷണത്തിലുള്ള താത്പര്യം രണ്ടുപേരെയും ശക്തമായൊരു പ്രണയത്തിലേക്ക് തള്ളിയിടുന്നു. വിവാഹിതയും കുട്ടിയുടെ അമ്മയുമായ നിർമാലി ഈ ബന്ധത്തിലൂടെ സവിശേഷമായ നിലയിൽ മാംസഭക്ഷണശീലത്തിലേക്ക് വരികയും തന്റെ പ്രണയത്തെ സൂക്ഷ്മമായി പിന്തുടരുകയും ചെയ്യുന്നു. കൂടുതൽ രുചികളുള്ള ഭക്ഷണത്തിനുവേണ്ടിയുള്ള ആവശ്യം മനസ്സിലാക്കിയ സുമോൻ തന്റെ തുടയിലെ മാംസം സുഹൃത്തിനെക്കൊണ്ട് മുറിച്ചെടുപ്പിച്ച് നിർമാലിക്കായി പാചകം ചെയ്യുന്നു. വേറിട്ട് രുചിയുള്ള ഭക്ഷണം കഴിച്ച അവളതിന്റെ യാഥാർഥ്യം അറിയുന്നതോടെ ഛർദ്ദിക്കുന്നു. എന്നാൽ പിന്നീട് ആ രുചിയിലേക്കവൾ വീഴുകയും അത്തരം മാസഭക്ഷണം ആവശ്യപ്പെടാൻ തുടങ്ങുകയും ചെയ്യുന്നു. അതോടെ സുമോനും ഗാഢമായ പ്രണയത്തിലേക്കു വീഴുകയും തന്റെ ശരീരത്തിലെ മാംസം മുറിച്ച് നിരന്തരം പാചകം ചെയ്യുകയും ചെയ്യുന്നു. അതെല്ലാം നിർമാലി കഴിക്കുന്നു. നിർമാലിയും ഇതിനിടെ തന്റെ ശരീരത്തിലെ മാസം പാചകംചെയ്ത് സുമോനെ ഊട്ടുന്നു. അതോടെ അവരുടെ ബന്ധം മറ്റൊരു തലത്തിലേക്ക് കടക്കുന്നു. ഗാഢമായ മനുഷ്യമാംസാഹാര പ്രിയരാകുന്ന നിർമാലി തന്റെ ആശുപത്രിയിലെ ശവശരീരം മുറിച്ചെടുത്ത് പാചകം ചെയ്തുനല്കാൻ സുമോനോട് ആവശ്യപ്പെടുന്നു. എന്നാൽ അതിനു തയാറാകാഞ്ഞ

സുമോൻ കാമുകിക്കുവേണ്ടി ഒരു ഓട്ടോക്കാരനെ കൊന്ന് മാസം എടുക്കാൻ ശ്രമിക്കവെ പോലീസ് പിടിയിലാവുകയും നിർമാലിയും അറസ്റ്റിലാവുകയും ചെയ്യുന്നു. അറസ്റ്റുവാർത്ത വലിയ കൊളിളക്കമായി നാടറിയവേ ഇരുവരെയും മാധ്യമങ്ങൾക്കുമുന്നിൽ ഹാജരാക്കുന്നിടത്ത് സിനിമ അവസാനിക്കുന്നു.

സംഘപരിവാർശക്തികൾ ദേശീയത നിർവചിക്കുന്ന സമകാലിക ഇന്ത്യയിലെ പശ്ചാത്തലത്തിൽ ഈ 'മാംസസിനിമ'യ്ക്കു വലിയ പ്രസക്തിയാണുള്ളതെന്നു പറയാം.

കാനിബാളിസം എന്ന മനുഷ്യമാംസം ഭക്ഷിക്കുന്ന പ്രവണതയെ ചിത്രീകരിക്കുന്ന സിനിമ മുന്നോട്ടുവയ്ക്കുന്ന ആശയലോകം കേവലമായി കുറ്റകൃത്യം എന്ന മട്ടിൽ കാണാതെ പലമാനങ്ങളുള്ളതായി വായിക്കണം. സംഘപരിവാർശക്തികൾ ദേശീയത നിർവചിക്കുന്ന സമകാലിക ഇന്ത്യയിലെ പശ്ചാത്തലത്തിൽ ഈ 'മാംസസിനിമ'യ്ക്കു വലിയ പ്രസക്തിയാണുള്ളതെന്നു പറയാം. ബീഫിനെതിരേ യുദ്ധം പ്രഖ്യാപിച്ച് ഇന്ത്യാക്കാരെന്തു തിന്നണം കുടിക്കമം എന്നൊക്കെ ആക്രോശിക്കുന്ന തീവ്രദേശീയതയുടെ കാലത്ത് മാംസനിബദ്ധമാകുന്ന പ്രണയത്തിന്റെ തീവ്രമായ ആവിഷ്കാരം സംഘപരിവാരരാഷ്ട്രീയത്തോടും അതിലൂടെ രൂപപ്പെടുന്ന പുതിയ ഗാർഹിക വൈകാരികതയോടുമുള്ള ശക്തമായ കലഹമാണ്. മാംസം ഭക്ഷിക്കുന്നവരെ അപരരാക്കി മാംസരഹിതഭക്ഷണശീലത്തെ തമസ്കരിച്ച് സസ്യഭക്ഷണപ്രധാനമായ ഭൂതകാലത്തെയും അതിനെ ആധാരമാക്കി നിർമിക്കുന്ന ഹിന്ദുത്വവും സൂക്ഷ്മമായി പ്രണയംപോലുള്ള വിഷയങ്ങളിൽവരെ ഇടപെടുന്നിടത്ത് കാമുകി കാമുകന്റെ ശരീരം ഭക്ഷിക്കുന്ന കഥ ഇത്തരത്തിലുള്ള ദേശീയതകളെ ചോദ്യംചെയ്യുകയാണെന്നു കാണാം. ശരീരം, മാംസം എന്നീ സങ്കല്പങ്ങളെയും അതുമായി ബന്ധപ്പെട്ട് നിർമിച്ചിരിക്കുന്ന മനസ്സ് എന്ന വ്യവഹാരത്തെയും ഒരു പൊളിച്ചെഴുത്തിന് വിധേയമാക്കുന്നിവിടെ.

ഇവിടെ പ്രധാനമായി കാണുന്ന കാര്യം നിർമാലിയാണ് തീവ്രമായ പ്രണയം പ്രകടിപ്പിക്കുന്നതെന്നാണ്. മാംസഭക്ഷണത്തോടു കാര്യമായി താത്പര്യമില്ലാതിരുന്ന അവൾ സുമോന്റെ സാന്നിധ്യത്തിലൂടെ മാംസത്തെ പ്രണയിക്കുന്നു. ഇത് വിവാഹം, കുടുംബം എന്നീ സ്ഥാപനങ്ങളോടുള്ള സ്ത്രീയുടെ വിയോജിപ്പുകളെയും ആനന്ദാന്വേഷണത്വരകളെയും വ്യക്തമാക്കുന്നതാണ്. അതായത് നിലവിലെ കുടുംബമെന്ന സ്ഥാപനത്തോടുള്ള സ്ത്രീയുടെ വിയോജിപ്പുകളും ലൈംഗികത കുടുംബത്തിനു പുറത്ത് സാധ്യമാകുന്നതുമാണ് ഇവിടെ അടയാളപ്പെടുത്തുന്നത്. അതിനാലാണ് മാംസം പ്രധാനപ്പെട്ട അടയാളമായി പ്രത്യക്ഷപ്പെടുന്നത്. പ്രത്യക്ഷത്തിൽ ഭക്ഷിക്കുന്നതിനായുള്ള ഇറച്ചിയായും അതിനൊപ്പം ലൈംഗികതയുടെ ആനന്ദത്തിന്റെ അടയാളമായും ശരീരം ഇവിടെ പ്രത്യക്ഷപ്പെടുന്നതായിട്ടുവേണം കാണാൻ. പ്രണയത്തിലൂടെ അന്യോന്യം ശരീരമാംസം പങ്കിട്ടു ഭക്ഷിക്കുന്നു എന്നു ദൃശ്യവല്കരിക്കുന്നതിലൂടെ മാനസികമായ രാഗം എന്ന ആശയത്തെ സവിശേഷം അട്ടിമറിക്കുകയാണ് സിനിമയെന്നു വ്യക്തം. അവരിരുവരും അവരുടെ ശരീരമാണ് ആസ്വദിക്കുന്നതെന്നു പറഞ്ഞുകൊണ്ട് കൊളോണിയലിസത്തിലൂടെ ആദർശവല്കരിക്കപ്പെട്ട ശരീരത്തെ നിഷേധിക്കുന്ന പ്രണയത്തെ ഉടയ്ക്കുന്നു. ശരീരത്തെയും മാംസത്തെയും നികൃഷ്ടമായി അവതരിപ്പിക്കുന്ന പാരമ്പര്യത്തെ ഇവിടെ കാണാം. സസ്യഭക്ഷണത്തെ ആദർശവല്കരിക്കുന്ന ബ്രാഹ്മണിക് ബോധത്തെ അംഗീകരിക്കുന്ന സാമൂഹികത മാംസഭക്ഷണശീലത്തെ അതിരുകടന്ന ആസക്തികളുടെ ലക്ഷണമായി ആവിഷ്കരിച്ചിട്ടുണ്ട്. ആ ബോധത്തെയാണ് സിനിമ സൂക്ഷ്മമായി അട്ടിമറിക്കുന്നത്. അങ്ങനെ മാംസം തന്നെ പ്രണയമായി മാറുന്നു.

ശരീരഭാഗങ്ങളെ ചെറിയ കഷണങ്ങളാക്കി പാകംചെയ്ത് നല്കുന്നതിലൂടെ സൃഷ്ടിക്കപ്പെടുന്ന കൊതി

പതുക്കെ ആസക്തിയായി മാറുന്നു. സുമോൻ പാകംചെയ്തുനല്കുന്ന ഭക്ഷണത്തിൽ നിർമാലിയുടെ കൊതി തൃപതിയടയുന്നില്ലെന്നത് പ്രതീകാത്മകമായിട്ടാണ് മനസ്സിലാക്കേണ്ടത്. അവളുടെ സുമോന്റെ ശരീരത്തോടുള്ള, അവൻ നല്കുന്ന ശാരീരികാനന്ദമായിട്ടാണ് കാണേണ്ടത്. കേവലമായ കാനിബാളിസത്തിന്റെ യുക്തികൾക്കപ്പുറത്തേക്കു സിനിമ സഞ്ചരിക്കുന്നത് ഇവിടെയാണ്. നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട കാമനകൾ വിലങ്ങുകൾ പൊട്ടിച്ചെറിഞ്ഞ് ആനന്ദം തിരയുമ്പോൾ നിലവിലെ വ്യവസ്ഥകൾക്കപ്പുറത്തേക്കു പോകാൻ നിർബന്ധിതമായിത്തീരുമെന്നാണ് ഇത് പറയുന്നത്. മാംസത്തിനായി ഓട്ടോഡ്രൈവറെ കൊന്ന കൊലപാതകം ഈ മറുതലിക്കലിന്റെ ആഴത്തെ അക്രമോത്സുകമായി അടയാളപ്പെടുത്തുന്ന ദൃശ്യമാണ്. ഇത് സമൂഹത്തിലെ ആണധികാര നിയമവ്യവസ്ഥയോടുള്ള മറുതലിക്കലായി മാറുന്നു. പോലീസും ഭരണകൂടവും പ്രത്യക്ഷപ്പെടുന്നത് ഇവിടെയാണ്. ഇത്തരം കാര്യങ്ങൾ കാനിബാളിസം പോലുള്ള അപരിഷ്കൃതമായ ക്രൂരതയായി അടയാളപ്പെടുന്നതും അത്തരം കാര്യങ്ങൾ ചെയ്യുന്നവർ ഭീകരരായി മുദ്രകുത്തപ്പെടുന്നതും. പ്രണയത്തിന്റെയും കാമത്തിന്റെയും രാഷ്ട്രീയം അമർത്തപ്പെടുന്നതും ആദർശവല്കരിച്ച് കാല്പനികമായി അവതരിപ്പിക്കുന്നതും ആണധികാരവ്യവസ്ഥിതിയെ ഏതെങ്കിലും നിലയിൽ സ്ത്രീകളും കീഴാളരും ചോദ്യംചെയ്യുമ്പോഴാണ്. അവസാനരംഗത്ത് പോലീസ് സ്റ്റേഷന്റെ മുന്നിൽ മാധ്യമപ്രവർത്തകരുടെ മുന്നിലേക്ക് സുമോനെയും നിർമാലിയെയും നീക്കി നിർത്തുമ്പോൾ നിർമാലി സുമോന്റെ കയ്യിൽ മുറുകെപ്പിടിക്കുന്നതു കാണാം.

അവരുടെ ബന്ധത്തെ പ്രതീകാത്മകമായി അവതരിപ്പിക്കുയാണ് ആ കൈപിടുത്തം. ഫ്യൂഡൽ കോളോണിയൽ സാമൂഹികത ആഗോളവത്കരണത്തിലൂടെ വലിയ മാറ്റങ്ങൾക്കു വിധേയമാകുന്നതും കുടുംബഘടനയിൽ പൊളിച്ചെഴുത്തു രൂപപ്പെടുന്നതും മിക്കഭാഷകളിലെയും ഇന്ത്യൻ സിനിമകൾ പറയുന്നുണ്ട്. സ്വവർഗലൈംഗികത നിയമവിധേയമാക്കിയ സുപ്രീംകോടതി വിധികൾ പോലുള്ളവ ഇത്തരം ലൈംഗിക പ്രണയ പരിണാമങ്ങളെ ശക്തമായി അടയാളപ്പെടുത്തുന്നുണ്ട്.

ദീപാ മേത്തയുടെ ഫയർ തുറന്നുവിട്ട ഭൂതം ഇന്ന് നിരവധി സിനിമകളിലൂടെ തീവ്രമാകുന്നതു കാണാം. മിസ് ആൻഡ് മിസ്സിസ് അയ്യർ, ലസ്റ്റ് സ്റ്റോറീസ്, ലഞ്ച് ബോക്സ് തുടങ്ങിയ സിനിമകൾ മാറുന്ന ഇന്ത്യൻ ലിംഗസംസ്കാരത്തെ അടയാളപ്പെടുത്തുന്നവയാണെന്നു പറയാം.

ആഗോളീകരണം ശരീരത്തിന്റെ ആനന്ദരാഷ്ട്രീയം മുന്നോട്ടുവയ്ക്കുന്നുവെന്നും ഇത് വികസിത രാജ്യങ്ങളുടെ അജണ്ടയാണെന്നുമുള്ള വാദങ്ങൾ ഇവിടെ പ്രധാനമാകുന്നു. സ്ത്രീവാദത്തിന്റെയും മറ്റും വരവിലൂടെ ഗാർഹികതയിലും പ്രണയത്തിലുമൊക്കെ പൊളിച്ചെഴുത്ത് സാധ്യമായത് ഇവിടെ കൂട്ടിവായിക്കണം. രഹസ്യമാക്കി പറഞ്ഞിരുന്ന ലൈംഗികതാത്പര്യങ്ങൾ തുറന്നു പറയുന്നതും ഓർഗാസം പോലുള്ളവയെക്കുറിച്ച് സംസാരിക്കാൻ സ്ത്രീകൾ തന്നെ മുതിരുന്നതും പുരുഷാധിപത്യപരമായ ശാരീരിക കാമനകളെ ചോദ്യംചെയ്യുന്നത് വ്യക്തമാകുന്നു. ദീപാ മേത്തയുടെ ഫയർ തുറന്നുവിട്ട ഭൂതം ഇന്ന് നിരവധി സിനിമകളിലൂടെ തീവ്രമാകുന്നതുകാണാം. മിസ് ആൻഡ് മിസ്സിസ് അയ്യർ, ലസ്റ്റ് സ്റ്റോറീസ്, ലഞ്ച് ബോക്സ് തുടങ്ങിയ സിനിമകൾ മാറുന്ന ഇന്ത്യൻ ലിംഗസംസ്കാരത്തെ അടയാളപ്പെടുത്തുന്നവയാണെന്നു പറയാം. മലയാളത്തിലെ ന്യൂജനറേഷൻ സിനിമകൾ കേരളത്തിലെ സാമൂഹികതയിൽ ഇത്തരം ചർച്ചകൾ തുറന്നിടുന്നത് വ്യക്തമാകുന്നുണ്ട്. മാംസത്തെ കേന്ദ്രസ്ഥാനത്തു വച്ചുകൊണ്ട് ആമീസ് അതിൽ ശക്തമായ വിച്ഛദം തന്നെ സൃഷ്ടിക്കുന്നു.

പ്രതിവാര സെമിനാർ 27/11/2020

കെ. കെ. ടി. എം. ഗവൺമെന്റ് കോളേജ് മലയാളവിഭാഗം ഗവേഷണകേന്ദ്രമായ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് ഗവേഷണ കേന്ദ്രത്തിന്റേയും മലയാള വിഭാഗത്തിന്റേയും നേതൃത്വത്തിൽ ഗവേഷകർക്ക് വേണ്ടി നടത്തുന്ന പ്രതിവാര സെമിനാറിലെ നാലാമത്തെ സെമിനാറാണ് വകുപ്പദ്ധ്യക്ഷ ഡോ. ജി. ഉഷാകുമാരിയുടെ ആഭിമുഖ്യത്തിൽ 27/11/2020 വെള്ളിയാഴ്ച 7.30 ന് നടന്നത്.ഗവേഷകനായ ഷിബിൻ ബാലൻ വെബിനാറിലേയ്ക്ക് ഏവരേയും സ്വാഗതം ചെയ്തു. ഗവേഷകനായ കെ. കെ. വൈശാഖായിരുന്നു പ്രബന്ധാവതാരകൻ. ചാവറയച്ചൻ: കേരളീയ ആധുനികതയിലേയ്ക്കുള്ള ചവിട്ടുപടി. സാമൂഹിക ഇടപെടലുകളെ മുൻനിർത്തിയുള്ള പഠനം. എന്ന വിഷയത്തിലാണ് വൈശാഖ് പ്രബന്ധം അവതരിപ്പിച്ചത്. കേരളത്തിന്റെ ആധുനിക വിദ്യാഭ്യാസ ചരിത്രത്തിലും സാമൂഹിക മുന്നേറ്റത്തിലും ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ നടത്തിയ പ്രവർത്തനങ്ങളെ കുറിച്ചും അദ്ദേഹത്തിന്റെ സാഹിത്യ സംഭാവനകളെ കുറിച്ചും വിശദമായി അവതാരകൻ അവതരിപ്പിക്കുകയും ചരിത്രത്തിൽ ചാവറയച്ചൻ ഉൾപ്പടെയുള്ള പല സാമൂഹ്യ നേതാക്കൻമാരും അവരുടെ സംഭാവനകളും എന്തുകൊണ്ട്

വൈശാഖ് കെ.കെ.

വേണ്ടത്ര പരിഗണിക്കപ്പെടാതെ പോകുന്നു എന്ന ശ്രദ്ധേയമായ ഒരു പരികല്പന മുന്നോട്ട് വയ്ക്കുകയും ചെയ്തു. 7.40 ന് ആരംഭിച്ച പ്രബന്ധാവതരണം 8.05 ന് അവസാനിക്കുകയും അതിനു ശേഷം അദ്ധ്യാപകരും, ഗവേഷകരും പ്രബന്ധാവതാരകനും ചേർന്ന് ഒരു തുറന്ന സംവാദം നടത്തുകയും ചെയ്തു. വെബിനാറിന്റെ മോഡറേറ്ററായി ഗവേഷക സൗമ്യ മോഹനനും ഡിസ്കന്റായി ഗവേഷകയായ അർഷിദയും പങ്കെടുത്തു. അദ്ധ്യാപകരായ ഡോ. ദീപ ബി. എസ്, ഡോ. മുഹമ്മദ് ബഷീർ കെ. കെ., യാക്കോബ് തോമസ്, ഡോ. ജെൻസി എന്നിവർ ചർച്ചയിൽ പങ്കെടുക്കുകയും തങ്ങളുടെ വ്യത്യസ്തമായ വീക്ഷണകോണുകൾ പ്രബന്ധാവതാരകന്റേയും മറ്റ് ഗവേഷകരുടേയും ശ്രദ്ധയിലേയ്ക്ക് കൊണ്ട് വരികയും ചെയ്തു. കൂടാതെ പ്രബന്ധാവതാരകനും മറ്റ് ഗവേഷകർക്കും പ്രബന്ധരചനയിൽ ശ്രദ്ധിക്കേണ്ട വസ്തുതകളെ കുറിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ അദ്ധ്യാപകർ നൽകുകയും ചെയ്തു. ഗവേഷകരായ ഹീര, ഷിബിൻ, സൗമ്യ, സിന്റോ തുടങ്ങിയവരും സംവാദത്തിൽ സജീവമായി പങ്കെടുത്തു. കൃത്യം 8.30 ന് സംവാദം അവസാനിക്കുകയും. ഗവേഷകയായ സൗമ്യ മോഹനൻ വെബിനാറിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിക്കുകയും ചെയ്തതോടെ അന്നേ ദിവസത്തെ വെബിനാർ അവസാനിച്ചു.